ഡോ. കെ. മുഹമ്മദ്, പാണ്ടിക്കാട്

# ഒറ്റച്ചെരിപ്പിലെ നടത്തം

عن جابر بن عبدالله أن النبي صلى الله عليه وسلم قال : لا تَمْشِ في نعْلٍ واحدٍ ، ولَا تَحْتَبِ في ثَوْبٍ واحِدٍ ، ولَا تَأْكُلْ بِشِمالِكَ ، ولَا تَشْتَمِلْ الصمَّاءَ ، ولَا تَضَعْ إحدَى رِجلَيكَ علَى الأخرَى إذا استَلْقَيْتَ (مسلم)

**ജാബിറുബ്നു അബ്ദില്ല (റ) യിൽനിന്ന്. നബി (സ) പറഞ്ഞു: 'ഒറ്റച്ചെരിപ്പിൽ നടക്കരുത്. ഒറ്റ വസ്ത്രമുടുത്ത് കാല് നീട്ടി ഇരിക്കരുത്. ഇടത് കൈകൊണ്ട് തിന്നരുത്. ഉറപോലെയുള്ള വസ്ത്രം അണിയരുത്. മലർന്ന് കിടക്കുമ്പോൾ ഒരു കാൽ മറ്റൊരു കാലിൽ പൊക്കി വെക്കരുത്' (മുസ്‌ലിം)**

സ്വകാര്യ ജീവിതത്തിൽ സൂക്ഷ്മതയും പൊതുജീവിതത്തിൽ വിശാലമായ സാമൂഹികാവബോധവും പുലർത്തൽ വിശ്വാസികളുടെ ബാധ്യതയാണ്. മാന്യതക്കും സ്വഭാവ മഹിമക്കും നിരക്കാത്തതെല്ലാം അവർ ഉപേക്ഷിക്കേണ്ടതുണ്ട്. ഇത്തരത്തിൽ ഒരു മുസ്‌ലിം അവന്റെ ദൈനംദിന ജീവിതത്തിൽ ശ്രദ്ധിക്കേണ്ട അഞ്ച് മര്യാദകളാണ് ഈ ഹദീസ് പഠിപ്പിക്കുന്നത്.

ഒന്ന്: ഒറ്റച്ചെരിപ്പിട്ട് നടക്കരുത്. പൊതുവെ സഭ്യമല്ലാത്തതും മാന്യതക്ക് യോജിക്കാത്തതുമാണ് ഒരു ചെരിപ്പ് മാത്രം ധരിച്ചുള്ള നടത്തം. മാത്രമല്ല ഇരുകാലുകളും തമ്മിലെ ഉയര വ്യത്യാസം തെന്നി വീഴാൻ ഇടയാക്കിയേക്കും.

മറ്റൊരു ഹദീസിൽ ഇപ്രകാരം കാണാം. 'നിങ്ങളാരും ഒറ്റച്ചെരിപ്പിൽ നടക്കരുത്. ഒന്നുകിൽ രണ്ട് ചെരിപ്പും ധരിക്കുക. അല്ലെങ്കിൽ രണ്ടും അഴിക്കുക' (ബുഖാരി).

അബൂഹുറൈറ (റ) പറയുന്നു: അല്ലാഹുവിന്റെ റസൂൽ പറഞ്ഞു: 'നിങ്ങളിലാരുടെയെങ്കിലും ഒരു ചെരിപ്പിന്റെ വാറ്റാൽ അത് നേരെയാക്കുന്നത് വരെ മറ്റെ ചെരിപ്പിൽ നടക്കരുത്' (മുസ്‌ലിം).

ചെരിപ്പ് ധരിക്കുന്ന വിഷയത്തിൽ ഇത് പോലെ വേറെയും നിർദേശങ്ങൾ അല്ലാഹുവിന്റെ റസൂൽ നൽകുന്നുണ്ട്.

ചെരിപ്പ് ധരിക്കുമ്പോൾ ആദ്യം വലത്കാലിൽ ധരിക്കണമെന്നും അഴിക്കുമ്പോൾ ആദ്യം ഇടത് കാലിലേത് അഴിക്കണമെന്നും ഇമാം ബുഖാരി നിവേദനം ചെയ്ത ഹദീസിൽ കാണാം.

നബി (സ) ചിലപ്പോൾ ചെരിപ്പ് ധരിച്ചും നമസ്കരിച്ചിരുന്നു എന്ന് അനസ് ബ്നു മാലിക്ക് (റ) പറയുന്നുണ്ട് (ബുഖാരി).

നിന്ന്കൊണ്ട് ചെരിപ്പ് ധരിക്കുന്നതിനെ തടഞ്ഞതായും തിർമിദി റിപ്പോർട്ട് ചെയ്യുന്ന ഹദീസിൽ കാണാം. എന്നാൽ നിന്ന് കൊണ്ട് ധരിക്കാൻ ബുദ്ധിമുട്ടുള്ള സാഹചര്യത്തിലാണ് ഈ വിലക്കെന്ന് പണ്ഡിതർ വ്യാഖ്യാനിക്കുന്നു.

രണ്ട്: ഒറ്റ വസ്ത്രമുടുത്ത് കാല് നീട്ടി ഇരിക്കരുത് എന്നാണ് രണ്ടാമത്തേത്. ഒരു നീളൻ കുപ്പായമിട്ട് കാൽ നീട്ടി ഇരുന്നാൽ മുന്നിലുള്ളവർ തന്റെ നഗ്നത കാണാനിടയാകുമെന്നതാണ് ഇതിനുള്ള കാരണം.

നഗ്നത വെളിവാക്കുന്നത് ശ്രദ്ധിക്കണമെന്ന് നബി (സ) നിർദേശിക്കാറുണ്ടായിരുന്നു. പുരുഷൻ പൊക്കിളിനും കാൽമുട്ടിനും ഇടയിലുള്ള ഭാഗങ്ങളും സ്ത്രീകൾ മുഖവും മുൻകൈയും ഒഴികെയുള്ള ഭാഗങ്ങളും അന്യരുടെ മുന്നിൽ മാത്രമല്ല തനിച്ചായിരിക്കുമ്പോൾ പോലും വെളിപ്പെടുത്തുന്നത് പ്രവാചകൻ തടഞ്ഞു. ഒരിക്കൽ തിരുദൂതർ മുആവിയത് ബ്നു ഹൈദയോട് പറഞ്ഞു: 'ഭാര്യ, അടിമസ്ത്രീ എന്നിവരല്ലാത്തവരിൽ നിന്നെല്ലാം നഗ്നത മറയ്ക്കണം.' അദ്ദേഹം ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, പരസ്പരം എപ്പോഴും ഇടപഴകി ജീവിക്കുന്നവർക്കിടയിലാണെങ്കിലോ?'

റസൂൽ(സ): 'ആരുടെ മുന്നിലും നഗ്നത വെളിപ്പെടുത്തരുത്.' മുആവിയ (റ) വീണ്ടും ചോദിച്ചു: 'ഒരാൾ തനിച്ചാണെങ്കിലോ?' റസൂൽ പറഞ്ഞു: 'അല്ലാഹുവിന്റെ മുന്നിലല്ലേ കൂടുതൽ നാണമുണ്ടാവേണ്ടത്?' (ഇബ്നു മാജ:)

മൂന്ന്: ഇടത് കൈ കൊണ്ട് തിന്നരുത് എന്നാണ് മൂന്നാമത്തേത്. ഭക്ഷണം കഴിക്കുക, വസ്ത്രം ധരിക്കുക തുടങ്ങിയ നല്ല കാര്യങ്ങളെല്ലാം വലത് കൈ കൊണ്ടാവണം എന്ന് നബി (സ) പഠിപ്പിക്കുന്നു. എന്നാൽ വിസർജ്യങ്ങൾ വൃത്തിയാക്കേണ്ടത് ഇടത് കൈ കൊണ്ടാണ്. അനിവാര്യ ഘട്ടങ്ങളിൽ വലത് കൈ ഉപയോഗിക്കുന്നതിൽ തെറ്റില്ല. വസ്ത്രം ധരിക്കുമ്പോഴും വുദു എടുക്കുമ്പോഴും വലത് കൊണ്ട് തുടങ്ങുക എന്ന് ഹദീസിലുണ്ട്.

ആഇശ (റ) പറയുന്നു: 'ചെരിപ്പ് ധരിക്കുക, മുടി ചീകുക, വൃത്തിയാക്കുക തുടങ്ങി എല്ലാ കാര്യങ്ങളിലും വലത് ഭാഗത്തിന് മുൻഗണന നൽകുവാനാണ് നബി(സ) ഇഷ്ടപ്പെട്ടിരുന്നത്' (ബുഖാരി, മുസ്‌ലിം).

ഇമാം നവവി (റ) എഴുതി: 'വലതിനുള്ള മുൻഗണന ശർഇലെ സുസ്ഥിര നിയമമാണ്.

വസ്ത്രം അണിയുക, ഷൂ ധരിക്കുക, പള്ളിയിൽ പ്രവേശിക്കുക, പല്ലുകൾ വൃത്തിയാക്കുക, സുറുമയിടുക, നഖം മുറിക്കുക, മീശ വെട്ടുക, മുടി ചീകുക, കക്ഷത്തിലെ മുടി വെട്ടുക, തലമുടി കളയുക, നമസ്കാരത്തിൽ സലാം വീട്ടുക, അവയവങ്ങൾ വൃത്തിയാക്കുക, വിസർജ്ജന സ്ഥലത്ത് നിന്ന് പുറത്തേക്ക് വരിക, തിന്നുക, കുടിക്കുക, ഹസ്തദാനം ചെയ്യുക, ഹജറുൽ അസ്വദിനെ ചുംബിക്കുക തുടങ്ങിയ മാന്യവും ഉൽകൃഷ്ടവുമായ എല്ലാ കാര്യങ്ങളിലും വലത് ഭാഗത്തിനാണ് മുൻഗണന നൽകേണ്ടത്. എന്നാൽ മലമൂത്ര വിസർജ്ജന സ്ഥലത്ത് പ്രവേശിക്കുക, പള്ളിയിൽ നിന്ന് പുറത്തേക്ക് വരിക, മനോരിക്കുക, വസ്ത്രവും ചെരിപ്പും അഴിച്ച് വെക്കുക തുടങ്ങിയ കാര്യങ്ങൾക്ക് ഇടതിനെയാണ് മുന്നിലാക്കേണ്ടത്. ഇപ്പറഞ്ഞതെല്ലാം വലതിനെ ആദരിക്കുന്നതിനും ബഹുമാനിക്കുന്നതിനുമാണ്' (ശറഹു മുസ്‌ലിം).

എല്ലാ പുരാതന മതങ്ങളിലും സംസ്കാരങ്ങളിലും അനുഷ്ഠാനങ്ങൾ നിർവഹിക്കുന്നതിന് വലത് ഭാഗത്തെ പരിഗണിച്ചതായി കാണാം.

നാല്: കൈകൾക്ക് ദ്വാരമില്ലാത്ത ഉറപോലെയുള്ള വസ്ത്രം ധരിക്കരുതെന്നാണ് മറ്റൊരു ഉപദേശം. ശൈഖ് അൽഉസൈമീൻ (റ) പറയുന്നു: 'നമസ്കാരത്തിലെ കർമ്മങ്ങൾ ചെയ്യാൻ ബുദ്ധിമുട്ടുണ്ടാക്കുന്നു, ആരെങ്കിലും ഉപദ്രവിച്ചാൽ അതിനെ പ്രതിരോധിക്കാൻ സാധിക്കാതെ വരുന്നു തുടങ്ങിയ പ്രയാസങ്ങളുണ്ടാവുന്നത് കൊണ്ടാണ് ഇത്തരത്തിലുള്ള വസ്ത്രം നിരുത്സാഹപ്പെടുത്തിയത്.'

അഞ്ച്: മലർന്ന് കിടക്കുമ്പോൾ ഒരു കാൽ മറ്റൊരു കാലിൽ പൊക്കി വെക്കരുത് എന്നതാണ് അവസാനത്തേത്. നഗ്നത കാണാൻ സാധ്യതയുണ്ട് എന്നതിനാലാണിത്.

ഇങ്ങനെ ദൈനംദിനജീവിതത്തിൽ നിസ്സാരമെന്ന് കരുതപ്പെടുന്ന പല കാര്യങ്ങളെക്കുറിച്ചും അല്ലാഹുവിന്റെ റസൂൽ ഉപദേശങ്ങൾ നൽകിയതായി കാണാം. വിശ്വാസികളുടെ ഉന്നതവും മാന്യവുമായ വ്യക്തിത്വം കാത്ത് സൂക്ഷിക്കുക എന്നതാണ് ഇവയുടെ പ്രധാന ലക്ഷ്യം. ചെറുതും വലുതുമായ എല്ലാ വിപത്തുകളിൽ നിന്നും സംരക്ഷണം നൽകുക എന്നതും ഇതിന്റെ ഉദ്ദേശ്യമാണ്.

ഇപ്പറഞ്ഞതെല്ലാം വിലക്കിയത് നിഷിദ്ധം (ഹറാം) എന്ന നിലക്കല്ല, മറിച്ച് അനഭിലഷണീയം (കറാഹത്ത്) എന്ന അടിസ്ഥാനത്തിലാണ്. ശിക്ഷാർഹമായ പാപമായല്ല, വിശ്വാസിയുടെ മാന്യതക്ക് നിരക്കാത്ത പ്രവൃത്തിയായാണ് ഇവ പരിഗണിക്കപ്പെടുക. ഉദ്ദേശ്യ ശുദ്ധിയോടെ ഇവ ഉപേക്ഷിക്കുന്നവന് പ്രതിഫലവും ലഭിക്കും. ഈ എണ്ണിപ്പറഞ്ഞ കാര്യങ്ങൾ മാത്രമല്ല, മാന്യതക്കും ഉന്നത സംസ്കാരത്തിനും നിരക്കാത്ത, ഇവയോട് സാദൃശ്യമുള്ള എല്ലാ പെരുമാറ്റങ്ങളും വിശ്വാസികൾ വർജ്ജിക്കേണ്ടതുണ്ട് എന്നും ഈ ഹദീസുകൾ സൂചിപ്പിക്കുന്നു. ●

സ്മരണിക | പി.എ.എം അബ്ദുൽഖാദർ

# ഓർമപ്പൂക്കൾ




**ആത്മബന്ധത്തിന്റെ** നൂലിഴകൾ കൂട്ടിച്ചേർത്ത ഹൃദയാവർജകമായ അനുസ്മരണങ്ങളുടെ ഉല്ലേഖനമാണ് ഓർമപ്പൂക്കൾ; ജീവിത യാത്രയുടെ അസ്തമയത്തിന് മുമ്പ് അർധ വിരാമം നൽകി പാതിവഴിയിലിറങ്ങി രംഗം വിട്ടൊഴിഞ്ഞ അനീസ് ബാബുവിനെക്കുറിച്ച് അദ്ദേഹം ജോലി ചെയ്ത സ്ഥാപനത്തിലെ ഉറ്റ സുഹൃത്തുക്കൾ ചേർന്നൊരുക്കുന്നതാണ് ഈ സ്മരണിക.

20 വർഷക്കാലം പെരിന്തൽമണ്ണ പൂപ്പലം ദാറുൽ ഫലാഹ് ഇംഗ്ലീഷ് മീഡിയം സീനിയർ സെക്കന്ററി സ്കൂൾ ക്ലർക്കായി ജോലി ചെയ്ത ഊർജസ്വലനായ ഒരു യുവാവ് സ്ഥാപനത്തിന്റെ മുഖശ്രീയായി എങ്ങനെ വിരാജിച്ചു എന്നതിന്റെ അത്ഭുത കഥകളാണ് 'ഓർമപ്പൂക്കൾ' അനാവരണം ചെയ്യുന്നത്. ഉത്തരവാദിത്ത നിർവഹണത്തിലൂടെ താൻ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ എല്ലാമെല്ലാമായി മാറാൻ ഒരാൾക്ക് എങ്ങനെ കഴിയുമെന്നതിന്റെ സാക്ഷ്യപ്പെടുത്തൽ കൂടിയാണ് ഈ സ്മരണിക. അനീസിനോട് അടുത്തിടപഴകിയ സഹപ്രവർത്തകരും സുഹൃത്തുക്കളും നാട്ടുകാരുമായ 110 പേരാണ് സ്മരണികയിൽ എഴുതുന്നത്. ജമാഅത്തെ ഇസ്‌ലാമി കേരള അമീർ എം.ഐ അബ്ദുൽ അസീസ്, അസി. അമീർ പി. മുജീബുർറഹ്മാൻ, മുൻപ്രിൻസിപ്പൽ പി.എ.എം അബ്ദുൽ ഖാദർ, പി.എം അനിത, നജീബ് നിലമ്പൂർ തുടങ്ങി അനീസിനോടൊപ്പം കർമേഖലയിലുണ്ടായിരുന്ന നിരവധി പേരുടെ ദീപ്തമായ ഓർമകൾ ഓളം വെട്ടുന്ന താളുകളാണ് സ്മരണികക്ക് അർഥവും ആഴവും നൽകുന്നത്.

ജോലി എന്നത് ശമ്പളത്തിനും ലീവിനും ഇടവേളക്കും വേണ്ടി മാത്രമുള്ളതാണെന്ന് കരുതുന്നവർ ഏറെയുള്ള ഇക്കാലത്ത് വിശ്രമമില്ലാത്ത ദൗത്യനിർവഹണമാണ് ജോലി എന്ന് പഠിപ്പിച്ച ഒരു യുവാവിന്റെ ഒരിക്കലും മറക്കാൻ കഴിയാത്ത മാതൃകകളാണ് 'ഓർമപ്പൂക്കൾ' സമ്മാനിക്കുന്നത്.

പ്രസിദ്ധീകരണം: ദാറുൽ ഫലാഹ് ഇംഗ്ലീഷ് സ്കൂൾ പൂർവാധ്യാപക കൂട്ടായ്മ, പൂപ്പലം
ഫോൺ: 91 9961150776 ●